# പോലീസ് ഇൻസ്പെക്ടർ ജനറലുടെ കാര്യാലയം, പുതുച്ചേരി.

No. 165/OW/IGP/2019 Dt. 30.11.2019

## പോലീസ് ബീറ്റ് /റോന്തു നിർവഹിക്കാനുള്ള നിർദേശങ്ങൾ.

പോലീസ് ബീറ്റ്, പോലീസ് ഘടനയുടെ അടിസ്ഥാന പരമായ പ്രാഥമിക ഘടകമാണ്. ബീറ്റ് ഓഫീസർക്കു കുറ്റങ്ങൾ തടുക്കാനും കണ്ടു പിടിക്കാനുമുള്ള ഉത്തരവാദിത്വമുണ്ട്. ക്രമാസമാദാന നിയന്ത്രണവും, ജനമൈത്രി പോലീസ് നിർവഹണവും അതാതു ഏരിയയിൽ നടക്കണം. അതാതു ബീറ്റ് ഭാഗങ്ങളിലെ സംഭവങ്ങൾ അതാതു ബീറ്റ് ഓഫീസർമാരുടെ കണക്കിലുണ്ടായിരിക്കണം.

### ബീറ്റുകളുടെ ഘടന :-

പോലീസ് സ്റ്റേഷനിലുള്ള പൊലീസുകാരെ പ്രത്യേകം ബീറ്റുകളായി തരം തിരിക്കേണ്ടതാണ്. ASI/HC/PC എന്ന പ്രകാരം ആവശ്യാനുസരണം ഉള്പെടുത്തിയിട്ടുള്ളതും 24x7 എന്ന പ്രകാരം ബീറ്റ് ഏരിയയിൽ ഹാജരുണ്ടാകേണ്ടതാണ്. ബീറ്റ് ഓഫീസർ പരമാവധി സമയം ബീറ്റ് ഏരിയയിൽ ചിലവഴിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബീറ്റ് ഓഫീസർ മറ്റേതെങ്കിലും ജോലിക്കു നിയുക്തനായാൽ അക്കാര്യം SHO യുടെ നിർദേശപ്രകാരം GD യിൽ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ബീറ്റും ആൺ പെൺ ബീറ്റ് ഓഫീസർസ് ഉൾപെട്ടിരിക്കണം.

### ബീറ്റ് ബുക്ക് :-

ബീറ്റ് ബുക്കിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപെട്ടിരിക്കണം.

- ജനസംഖ്യവിവരം
- പ്രധാന സ്ഥലങ്ങൾ
- ഗവണ്മെന്റ് സ്ഥാപനങ്ങൾ
- ആരാധനാലയങ്ങൾ
- ഗൺ ലൈസൻസ്
- ഇരുണ്ട പ്രദേശം
- ഒളിത്താവളങ്ങൾ
- ഒളിച്ചോട്ട വഴികൾ
- അത്യാവശ്യ സ്ഥാപനങ്ങൾ
- CCTV ക്യാമറകളുടെ പട്ടിക
- ബാങ്ക്, ജുവെലറി, പലിശ കടകൾ
- ആശുപത്രികൾ /ആംബുലൻസ്
- ഹോട്ടൽസ് / ഭക്ഷണശാലകൾ
- മദ്യശാലകൾ
- കോളേജ് / സ്ഥാപങ്ങൾ

- പെട്രോൾ പമ്പുകൾ
- ഇലെക്ട്രിസിറ്റി/PWD/മുനിസിപ്പാലിറ്റി/LAD തുടങ്ങിയവയുടെ ഫോൺ നമ്പർ.
- അതാതു ബീറ്റിൽ റിപ്പോർട്ട് ചെയ്ത കേസുകളും അവയുടെ തത്സമയ നിലയും.
- അയല്പക്കത്തെ പോലീസ് സ്റ്റേഷന്റെ/ബീറ്റിന്റെ phone നമ്പർ.
- വുമൺ പോലീസ് ബീറ്റ് ഓഫീസിർസിനുള്ള പ്രത്യേക നിർദേശങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റങ്ങൾ തടുക്കാൻ.
- കുറ്റവാളികളെ സഹായിക്കുന്നവർ
- സ്വഭാവ ദൂഷ്യമുള്ളവർ
- റൗഡികൾ
- KD കൾ
- പുതിയ കുറ്റവാളികൾ
- മുതിർന്ന പൗരന്മാർ
- ടൂറിസ്റ്റ് സ്ഥലങ്ങൾ
- സ്വകാര്യ സുരക്ഷ ഭടന്മാർ
- തെരുവ് വ്യാപാരികൾ
- വീടില്ലാത്തവർ / ഭിക്ഷക്കാർ
- ഓട്ടോ / കാർ ഏജന്റുമാർ
- രാഷ്ട്രീയക്കാർ
- ഉന്നത ഉദ്യോഗസ്ഥർ
- പോലീസ് / പട്ടാള ഉദ്യോഗസ്ഥർ അവരുടെ ഫോൺ നമ്പർ
- പോലീസിൽ നിന്നും പട്ടാളത്തിൽ നിന്നും വിരമിച്ചവരുടെ phone നമ്പർ
- ഫ്രണ്ട്സ് ഓഫ് പോലീസിന്റെ പട്ടിക
- ബാക്കിയുള്ള ഹർജി /കംപ്ലയിന്റ്, ഭൂമി കൈയേറ്റം, സ്ത്രീകളെ അപമാനിക്കൽ, യാത്ര മന്ദിരങ്ങൾ, ലഹരി മരുന്നുകളുടെ ഉപയോഗം തുടങ്ങിയവ.
- വിവിധ ഫണ്ടമെന്റൽ / തീവ്ര ഗ്രൂപ്പു സംഘടനകൾ.
- സുരക്ഷ വലയത്തിലുള്ളവരുടെ ജോലി സ്ഥലം / മറ്റും തമാശ സ്ഥലത്തിന്റെ പട്ടിക.

<u>ബീറ്റ് ഓഫീസറുടെ ചുമതലകൾ :-</u>

<u>കുറ്റങ്ങളെ തടുക്കുക</u>

അതാതു ബീറ്റ് ഏരിയയിലും തൊട്ടടുത്ത ബീറ്റ് ഏരിയയിലും നടക്കുന്ന കുറ്റ കൃത്യങ്ങളുടെ വിവരങ്ങൾ ഓരോ ബീറ്റ് ഓഫീസറും അറിഞ്ഞിരിക്കണം. വിവരങ്ങൾ പ്രഭാത വിവരങ്ങളുടെ ഭാഗമാകേണ്ടതാണ്.